II ഇ.ബി. XIII- കേരള നിയമസഭ/XIV-8

# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2015 ജൂലൈ 8, ബുധൻ

നിയമസഭ രാവിലെ 08.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

19 (*211) മരുന്നുകൾക്കായി ചെലവഴിക്കുന്ന തുക

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) നൽകിയ മറുപടിയിൽ, മരുന്ന് ഉപയോഗത്തിന്റെ കാര്യത്തിൽ കേരളം ദേശീയ ശരാശരിയെക്കാൾ 31% മുകളിലാണെന്ന് വേൾഡ് ഹെൽത്ത് ഓർഗനൈസേഷന്റെ പഠനത്തിൽ വെളിവായിട്ടുണ്ടെന്നും ജീവിതശൈലീ രോഗങ്ങളുടെ വർദ്ധനവ്, ആയുർദൈർഘ്യം, ഉയർന്ന ആരോഗ്യ സാക്ഷരത, മെച്ചപ്പെട്ട ജീവിത നിലവാരം, ആരോഗ്യ കേന്ദ്രങ്ങളുടെ വർദ്ധനവ്, മെച്ചപ്പെട്ട ഡോക്ടർ രോഗി അനുപാതം തുടങ്ങിയ സാഹചര്യങ്ങൾ കേരളീയർ മരുന്നുകൾ കൂടുതലായി

ഉപയോഗിക്കുന്നതിന് കാരണമായിട്ടുണ്ടെന്നും സഭയെ അറിയിച്ചു. വർദ്ധിച്ചുവരുന്ന ജീവിതശൈലീ രോഗങ്ങളും ചികിത്സാച്ചെലവും കണക്കിലെടുത്ത് ആരോഗ്യ വകുപ്പുവഴി വാങ്ങുന്ന മരുന്നുകളുടെ ബഡ്ജറ്റ് വിഹിതം 300 കോടിയായി വർദ്ധിപ്പിച്ചിട്ടുണ്ട്. എച്ച്.എൽ.എൽ.-ന്റെ സഹകരണത്തോടെ കുറഞ്ഞ ചെലവിൽ പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും 'ആർ.എസ്.ബി.വൈ. ചിസ്, ചിസ് (+), സുകൃതം' പദ്ധതികളിലൂടെ സർക്കാർ ആശുപത്രികളിൽ ചികിത്സാ സഹായം ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. ജനനം മുതൽ വാർദ്ധക്യം വരെയുള്ള ഓരോ ഘട്ടത്തിലും ചികിത്സ ഉറപ്പാക്കുന്നതിന് 'അമ്മയും കുഞ്ഞും', 'ആരോഗ്യ കിരണം', 'കൗമാരാരോഗ്യം', 'സ്കൂൾ ആരോഗ്യം', 'ജീവിതശൈലീ രോഗ നിയന്ത്രണം', 'വയോജനാരോഗ്യം', 'സാന്ത്വന ചികിത്സ' എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. 'അമൃതം ആരോഗ്യം' പദ്ധതിയിൽപ്പെടുത്തി 2012 മുതൽ 30 വയസ്സിന് മുകളിൽ പ്രായമുള്ള ജനവിഭാഗങ്ങൾക്ക് പി.എച്ച്.സി., സി.എച്ച്.സി., സബ് സെന്ററുകൾ എന്നിവിടങ്ങളിൽ വച്ച് ജീവിതശൈലീ രോഗനിർണ്ണയം, ചികിത്സ, സൗജന്യ മരുന്നുവിതരണം എന്നിവ നടത്തിവരുന്നു. 2010 മുതൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.പി.സി.ഡി.സി.എസ്. (National Programme for Control of Diabetes, CVD, Cancer and Stroke)

അഞ്ച് ജില്ലകളിൽ നടപ്പിലാക്കി വരുന്നുണ്ട്. ജീവിതശൈലീ രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനായി തൊഴിലിടങ്ങളിൽ വർക്ക് പ്ലെയ്സ് ഇന്റർവെൻഷൻ, പോലീസുകാർക്കായി SHAPE (Systematic Health Assessment for Police Personnels), വിദ്യാലയങ്ങളിൽ LEAP (Life Style Education and Awareness Programme) എന്നീ പദ്ധതികളും പക്ഷാഘാത പരിചരണത്തിനായി ടെലിസ്ട്രോക്ക് യൂണിറ്റും, സ്ട്രോക്ക് റിഹാബിലിറ്റേഷൻ യൂണിറ്റുകളും കൂടാതെ care on waves, care on wheels എന്നീ പദ്ധതികളും ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. എല്ലാ സർക്കാർ ആശുപത്രികളിലും ജനറിക് മരുന്നുകൾ നിർബന്ധമാക്കുകയും ഡോക്ടർമാർ ജനറിക് മരുന്നുകൾ തന്നെ പ്രിസ്ക്രൈബ് ചെയ്യണമെന്നും ഉത്തരവ് നൽകിയിട്ടുണ്ട്. സ്കൂൾ ഹെൽത്ത് പ്രോഗ്രാമിന്റെ കീഴിൽ ആയിരത്തോളം സ്കൂളുകളിൽ യോഗ ക്ലാസുകൾ ആരംഭിച്ചിട്ടുണ്ട്. ജീവിതശൈലീ രോഗങ്ങൾ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധമുണ്ടാക്കുന്നതിനും ആയുർവ്വേദ മരുന്നുകളുടെ ഗുണവശങ്ങൾ സമൂഹത്തിലെത്തിക്കുന്നതിനുമായി ആയുഷ് വകുപ്പിന്റെ കീഴിൽ കർമ്മ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. എൻ.എച്ച്.എം./സ്റ്റേറ്റ് പ്ലാൻ/സെൻട്രൽ അസിസ്റ്റന്റ് വഴി എല്ലാ ജില്ലകളിലും മാനസികാരോഗ്യ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. എല്ലാ ജില്ലകളിലും ക്യാൻസർ കെയർ

സെന്ററുകൾ ആരംഭിച്ചതോടൊപ്പം ക്യാൻസർ ഉൾപ്പെടെയുള്ള ജീവിതശൈലീ രോഗങ്ങൾക്കായി 120 ഇനം മരുന്നുകൾ കെ.എം.എസ്.സി.എൽ. വഴി വിതരണം ചെയ്തുവരുന്നുമുണ്ട്. സ്വകാര്യ മരുന്ന് കമ്പനികളുടെ കൊള്ളലാഭം അവസാനിപ്പിക്കുന്നതിനായി കാരുണ്യ/നീതി മരുന്നു സ്റ്റോറുകൾ വഴി കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കുന്നുണ്ട്. ഡോക്ടറുടെ കുറിപ്പടിയില്ലാതെ മരുന്ന് നൽകുന്ന മെഡിക്കൽ സ്റ്റോറുകൾക്കെതിരെ ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റ് കർശന നടപടി സ്വീകരിക്കുന്നുണ്ട്. ആവശ്യമായ തുക ലഭ്യമാക്കി സർക്കാർ ആശുപത്രികളിൽ മരുന്നുവിതരണത്തിന് പ്രഥമ പരിഗണന നൽകിവരുന്നുണ്ടെന്നും പ്രൈവറ്റ് ലാബുകളെ നിയന്ത്രിക്കുന്നതിന് നിയമം കൊണ്ടുവരുന്നതാണെന്നും ഉപചോദ്യങ്ങളിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

20 (*212) <u>പൈപ്പ് പൊട്ടി വെള്ളം നഷ്ടമാകാതിരിക്കാൻ നടപടി</u>

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. പി. ജെ. ജോസഫ്</u>) നൽകിയ മറുപടിയിൽ, പൊട്ടിയ പൈപ്പുകളുടെ അറ്റകുറ്റപ്പണികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടത്തുന്നതിനായി തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ ഏർപ്പെടുത്തിയ ബ്ലൂ ബ്രിഗേഡ് സംവിധാനം മറ്റ്

ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് സഭയെ അറിയിച്ചു. ശുദ്ധജല വിതരണത്തിന്റെ സുഗമമായ നടത്തിപ്പിനായി പഴകിയതും ഉപയോഗശൂന്യവുമായ 10% പൈപ്പുകൾ വീതം മാറ്റിസ്ഥാപിക്കുന്നുണ്ട്. കമ്മീഷൻ ചെയ്ത ശുദ്ധജല വിതരണ പദ്ധതികളുടെ മെയിന്റനൻസ് അതാത് വർഷങ്ങളിലെ ബജറ്റ് വിഹിതം ഉപയോഗിച്ചും പൈപ്പുകളുടെ കാലപ്പഴക്കംമൂലം ജലവിതരണം തടസ്സപ്പെടുന്ന അടിയന്തര ഘട്ടങ്ങളിൽ വരൾച്ചാ ദുരിതാശ്വാസ ഫണ്ട്, എം.എൽ.എ. ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് ഫണ്ട് എന്നിവ ലഭ്യമാക്കിയും പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്നുണ്ട്. അടുത്ത സാമ്പത്തിക വർഷം മുതൽ പമ്പ് സെറ്റുകൾ വാങ്ങുന്നതിനും മെയിന്റനൻസ് നടത്തുന്നതിനും 20 കോടി രൂപ വീതം അധികമായി ചെലവാക്കാൻ തീരുമാനിച്ചിട്ടുണ്ട്. 2013-ൽ പുതിയ പൈപ്പ് പോളിസി രൂപീകരിച്ചതിനുശേഷം സ്ഥാപിക്കുന്ന പൈപ്പുകൾ ഉന്നത ഗുണനിലവാരം പുലർത്തുന്നവയാണെന്ന് ഉറപ്പുവരുത്തുന്നുണ്ട്. പുതുതായി സ്ഥാപിക്കുന്ന പൈപ്പുകളുടെ ഭൂഗർഭ മാപ്പിംഗ് തയ്യാറാക്കി സൂക്ഷിക്കുന്നതാണ്. നഗര പ്രദേശങ്ങളിലെ പൈപ്പ്‌ലൈൻ മാറ്റി സ്ഥാപിക്കുന്നതിന് മുൻഗണന നൽകുന്നതാണ്. കോൺട്രാക്ടർമാരുടെ കുടിശ്ശിക വേഗത്തിൽ കൊടുത്തുതീർക്കുന്നതിനും മെയിന്റനൻസ് റേറ്റ് റിവൈസ് ചെയ്യുന്നതിനും

നടപടി സ്വീകരിക്കുന്നതാണെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

21 (*213) "ഹില്ലി അക്വ"

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) നൽകിയ മറുപടിയിൽ, കുപ്പിവെള്ള വിപണിയുടെ 70 ശതമാനവും കൈകാര്യം ചെയ്യുന്നത് വൻകിട കമ്പനികളും അസംഘടിതരായ ചെറുകിട യൂണിറ്റുകളുമാണെന്നും ബാക്കിയുള്ളവ സർക്കാരിന്റെ സംരംഭങ്ങളാണെന്നും അവയിൽ വളരെക്കുറച്ച് കമ്പനികൾ മാത്രമാണ് ഉൽപ്പാദനവും വിപണനവും സ്വന്തമായി ചെയ്യുന്നതെന്നും സഭയെ അറിയിച്ചു. ഉല്പാദനവും വിപണനവും കെ.ഐ.ഐ.ഡി.സി.യും ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റും സംയുക്തമായി ചെയ്യുകവഴി ഹില്ലി അക്വ മറ്റ് ബ്രാൻഡുകളിൽ നിന്ന് ഗുണമേന്മയിലും വിശ്വാസ്യതയിലും വേറിട്ട് നിൽക്കുന്നുണ്ട്. പൊതുവിപണിയിലെ ആവശ്യം പരിഗണിച്ച് പാരലൽ ലൈൻ സ്ഥാപിച്ച് പ്ലാന്റിന്റെ ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഹെൽത്ത് ഡിപ്പാർട്ട്മെന്റുമായി ചേർന്ന് വിപണിയിലെ വിവിധ ബ്രാൻഡിലുള്ള കുപ്പിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുവേണ്ട സത്വര നടപടി സ്വീകരിക്കുന്നതാണ്.

ഗുണമേന്മ നിലനിർത്തി ഏറ്റവും കുറഞ്ഞ നിരക്കിൽ വിതരണം ചെയ്തും വ്യാപക പരസ്യങ്ങളിലൂടെയും ഹില്ലി അക്വായ്ക്ക് വിപണിയിൽ അർഹമായ സ്ഥാനമുണ്ടാക്കുന്നതിന് ശ്രമിക്കുന്നതാണ്. ജനസാന്ദ്രതയുള്ള പ്രദേശങ്ങളിൽ ഹില്ലി അക്വയുടെ വിൽപ്പനയ്ക്കായി പ്രത്യേക ബൂത്തുകളുണ്ടാക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മന്ത്രി വ്യക്തമാക്കി.

(നക്ഷത്ര ചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 2209 മുതൽ 2452 വരെയുള്ള ചോദ്യങ്ങളിൽ 73 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)

* * * * * * * * * *